# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3869

19.03.2018-ൽ മറുപടിക്ക്

## അംഗീകാരമില്ലാത്ത അൺ-എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. കൃഷ്ണൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര അൺ-എയ്ഡഡ് സ്കൂളുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;<br>(ബി) ഇത്തരം സ്കൂളുകൾ അടച്ചു പൂട്ടാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) യും (ബി) യും കേന്ദ്ര സർക്കാരിന്റെ 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 16.03.2016- ലെ CRMP No. 4426/05/LA1/15/KeSCPCR ഉത്തരവിന്റെയും അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ 2018 – 19 അധ്യയന വർഷം മുതൽ അടച്ചു പൂട്ടുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും തുടർ നടപടി സ്വീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയതു പ്രകാരം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന 1585 സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

Rema. V

സെക്ഷൻ ഓഫീസർ

## അനുബന്ധം

## അടച്ചുപൂട്ടുന്നതിനായി നോട്ടീസ് നൽകപ്പെട്ടിട്ടുള്ള അനംഗീകൃത സ്കൂളുകൾ .

| ക്രമ നമ്പർ | ജില്ല | സ്കൂളുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 308 |
| 2 | കൊല്ലം | 153 |
| 3 | പത്തനംതിട്ട | 146 |
| 4 | ആലപ്പുഴ | 57 |
| 5 | കോട്ടയം | 16 |
| 6 | ഇടുക്കി | 52 |
| 7 | എറണാകുളം | 83 |
| 8 | തൃശ്ശൂർ | 55 |
| 9 | പാലക്കാട് | 174 |
| 10 | മലപ്പുറം | 136 |
| 11 | കോഴിക്കോട് | 70 |
| 12 | വയനാട് | 23 |
| 13 | കണ്ണൂർ | 209 |
| 14 | കാസർഗോഡ് | 103 |
| | ആകെ | 1585 |

Hema. V

സെക്ഷൻ ഓഫീസർ